വിദേശകാര്യ, ടെക്സ്റ്റൈൽസ് സഹമന്ത്രി ശ്രീ. പബിത്ര മാർഗരിറ്റയുടെ സമോവ, നൗറു സന്ദർശനം (2026 ഒക്ടോബർ 16-22)

വിദേശകാര്യ, ടെക്സ്റ്റൈൽസ് സഹമന്ത്രി [MoS (PM)] ശ്രീ. പബിത്ര മാർഗരിറ്റ 2026 ഒക്ടോബർ 16 മുതൽ 22 വരെ സമോവ, നൗറു എന്നിവിടങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തി.

2. സമോവ സന്ദർശന വേളയിൽ, സമോവ പ്രധാനമന്ത്രി, ബഹുമാനപ്പെട്ട ലാഉലിഅലെമാലിയെതോവ ലെവാതേവ പൊലാത ഐവാവോ ഫോസി ഷ്മിറ്റ്, മന്ത്രിസഭയിലെ അംഗങ്ങൾ എന്നിവർ ചേർന്ന് പരമ്പരാഗത 'ആവ ചടങ്ങ് നടത്തി MoS(PM)-ന് സ്വീകരണം നൽകി. MoS (PM) പ്രധാനമന്ത്രിയെ സന്ദർശിക്കുകയും ശേഷി വികസനം, ഡിജിറ്റൽ വികസനം, കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള പ്രതിരോധശേഷി, സാമ്പത്തിക സഹകരണം, ബഹുരാഷ്ട്ര വിഷയങ്ങൾ എന്നിവയിലെ സഹകരണത്തെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

3. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, തൊഴിലധിഷ്ഠിത പരിശീലനം എന്നിവയിലേക്കുള്ള മെച്ചപ്പെട്ട ആക്സസിലൂടെ വൈകല്യമുള്ള കുട്ടികളുടെയും വ്യക്തികളുടെയും ഉൾപ്പെടുത്തലും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള SENESE പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള ഒരു ധാരണാപത്രത്തിൽ MoS(PM) ഉം സമോവ പ്രധാനമന്ത്രിയും ഒപ്പുവച്ചു.

4. MoS(PM)-ന്റെ ബഹുമാനാർത്ഥം സമോവ പ്രധാനമന്ത്രി ഔദ്യോഗിക മദ്ധ്യാഹ്ന വിരുന്നൊരുക്കി. MoS(PM) സമോവയിലെ ഇന്ത്യൻ സമൂഹത്തിൽ നിന്നുള്ള അംഗങ്ങളുമായും സംവദിച്ചു.

5. ഓക്ലാൻഡ് സന്ദർശന വേളയിൽ, ഇന്ത്യ ന്യൂസിലൻഡ് ബിസിനസ് കൗൺസിൽ (INZBC) അദ്ദേഹത്തോടുള്ള ആദരസൂചകമായി സംഘടിപ്പിച്ച ഒരു ബിസിനസ് ചർച്ചയിൽ MoS (PM) പങ്കെടുത്തു. ഉഭയകക്ഷി സഹകരണത്തിനുള്ള അവസരങ്ങൾ ചർച്ച ചെയ്യാൻ ടെക്സ്റ്റൈൽ, ഫാഷൻ മേഖലകളിലെ പ്രതിനിധികളെ ഈ പരിപാടി ഒരുമിച്ച് കൊണ്ടുവന്നു. ന്യൂസിലാൻഡിലെ എത്നിക് കമ്മ്യൂണിറ്റീസ്

മന്ത്രിയും സ്പോർട്സ് ആൻഡ് റീക്രിയേഷൻ മന്ത്രിയുമായ ബഹുമാനപ്പെട്ട മാർക്ക് മിച്ചലും ഈ പരിപാടിയിൽ പങ്കെടുത്തു. ദുർഗ പൂജ ആഘോഷങ്ങളിലും MoS (PM) പങ്കെടുത്തു, ഇന്ത്യൻ സമൂഹത്തിലെ അംഗങ്ങളുമായി പ്രത്യേകം സംവദിക്കുകയും ചെയ്തു.

6. നൗറു സന്ദർശന വേളയിൽ, MoS (PM), റിപ്പബ്ലിക് ഓർ നൗറു പ്രസിഡന്റ് ബഹുമാനപ്പെട്ട ഡേവിഡ് ഡബ്ല്യു. ആർ. അഡെയാങിനെ സന്ദർശിച്ചു, നൗറു പാർലമെന്റിലെ സ്പീക്കർ ബഹുമാനപ്പെട്ട മാർക്കസ് സ്റ്റീഫനുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഉഭയകക്ഷി സഹകരണം, പാർലമെന്ററി എക്സ്ചേഞ്ചുകൾ, ശേഷി വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിൽ ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിച്ചു.

7. ഇന്ത്യൻ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് കോ-ഓപ്പറേഷൻ (ITEC), ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് (ICCR) പ്രോഗ്രാമുകളുടെ പൂർവ്വ വിദ്യാർത്ഥികളുമായും ഇന്ത്യൻ സമൂഹത്തിലെ അംഗങ്ങളുമായും MoS (PM) സംവദിക്കുകയും ഇന്ത്യ-നൗറു ബന്ധം ശക്തിപ്പെടുത്തുന്നതിൽ അവർ നൽകിയ സംഭാവനകളെ എടുത്തുപറയുകയും ചെയ്തു.

8. ഇന്ത്യയുടെ കപിക്ക് ഇംപാക്ട് പ്രോജക്റ്റിന്റെ (QIP) ഭാഗമായി, പ്രാദേശികമായി കായികതാരങ്ങളെ വളർത്തിയെടുക്കാനും വികസിപ്പിക്കാനും സൈക്ലിംഗ് വഴി ആരോഗ്യം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടുള്ള 'സൈക്ലിംഗ് ഫോർ എ സ്ട്രോങ്ങർ നൗറു' എന്ന മിനി-സൈക്ലിംഗ് പരിപാടി MoS (PM) ഉദ്ഘാടനം ചെയ്തു. സന്ദർശന പരിപാടികളുടെ ഭാഗമായി അദ്ദേഹം നൗറുവിലെ സർക്കാർ ആശുപത്രിയും ഫോസ്ഫേറ്റ് ഖനന സൈറ്റുകളും സന്ദർശിച്ചു.

9. സമോവയുമായും നൗറുവുമായും വികസന സഹകരണം, ശേഷി വികസനം, ജനങ്ങൾ തമ്മിലുള്ള കൈമാറ്റങ്ങൾ എന്നിവയിലൂടെയും ഫോറം ഫോർ ഇന്ത്യ-പസഫിക് ഐലൻഡ്സ് കോപ്പറേഷൻ (FIPIC) എന്ന ചട്ടക്കൂടിന് കീഴിലും, പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത MOS (PM) നടത്തിയ സന്ദർശനത്തിലൂടെ

ആവർത്തിച്ച് ഉറപ്പിച്ചു. ദേശീയ വികസന മുൻഗണനകൾക്കും മേഖലയിലെ പൊതു താല്പര്യങ്ങൾക്കും പിന്തുണ നൽകുന്നതിനായി പസഫിക് ദ്വീപ് രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.

ന്യൂഡൽഹി

ഒക്ടോബർ 23, 2026